## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1643 06/03/2017-ൽ മറുപടിയ്ക്ക്

# കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ഗവൺമെന്റ് സ്കൂളിന് ആസ്തിവികസന പദ്ധതി

| | ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മാവേലിക്കര വള്ളികുന്നം കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് 2015-16 ൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) & (സി) | ഡിസൈൻ തയ്യാറാക്കുന്നതിനുള്ള മണ്ണ് പരിശോധന റിപ്പോർട്ട് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് ലഭ്യമായതിനുശേഷം മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകാൻകഴിയൂ. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കുകയോ മണ്ണുപരിശോധന നടത്തുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | | |

<table>
<tr>
<td>(ഡി)</td>
<td>പ്രസ്തുത പ്രവൃത്തിയുടെ മൊബിലൈസേഷൻ ചാർജ് നാളിതുവരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;</td>
<td rowspan="2">(ഡി) & (ഇ)</td>
<td rowspan="2">ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 06-01-2017-നാണ് മണ്ണ് പരിശോധിക്കുന്നതിനായുള്ള തുക ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് കത്ത് നൽകിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഈ സാമ്പത്തികവർഷം തന്നെ തുക അനുവദിക്കുന്നതാണ്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് മണ്ണ് പരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുടർ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.</td>
</tr>
<tr>
<td>(ഇ)</td>
<td>തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?</td>
</tr>
</table>

സെക്ഷൻ ഓഫീസർ